# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:10.06.2026**

### പ്രധാനവാർത്തകൾ

1. ഏറ്റവും കൂടുതൽ കാലം അധികാരത്തിലിരുന്ന ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രിയെന്ന ചരിത്ര നേട്ടം സ്വന്തമാക്കി നരേന്ദ്ര മോദി. തുടർച്ചയായി 4,399 ദിവസം പ്രധാനമന്ത്രി പദത്തിൽ.

2. പ്രശസ്ത തമിഴ് സിനിമ സംവിധായകനും നടനും പത്മശ്രീ പുരസ്ക്കാര ജേതാവുമായ ഭാരതിരാജ ചെന്നൈയിൽ അന്തരിച്ചു.

3. സംസ്ഥാനത്ത് കെ എസ് ആർ ടി സി - ഓർഡിനറി ബസുകളിൽ സ്ത്രീകൾക്കുള്ള സൗജന്യ യാത്ര ഈ മാസം 15 ന് ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

4. വയനാട്ടിൽ ഷിഗെല്ല സ്ഥിരീകരിച്ച കുട്ടികളുടെ എണ്ണം മൂന്നായി. 12 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മൂന്ന് ദിവസത്തേക്ക് അവധി നൽകി.

RNU TVPM

5. കേരളത്തിൽ വടക്കൻ ജില്ലകളിൽ വ്യാപക മഴയ്ക്ക് സാധ്യത. കേരളം -ലക്ഷദീപ് - കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

6. കാൽപന്ത് കളിയുടെ ആർപ്പുവിളികൾക്ക് കാതോർത്ത് ഫുട്ബോൾ ആരാധകർ. ഫിഫ ലോകകപ്പ് ഫുട്ബോളിന് നാളെ കിക്കോഫ്.

*******************************************************************

## പ്രധാനമന്ത്രി -ചരിത്ര റെക്കോർഡ്

ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം അധികാരത്തിലിരുന്ന, ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രിയെന്ന ചരിത്ര റെക്കോർഡ് ഇനി നരേന്ദ്ര മോദിക്ക് സ്വന്തം. പ്രധാനമന്ത്രി പദത്തിൽ തുടർച്ചയായി 4,399 ദിവസം പൂർത്തിയാക്കിയ അദ്ദേഹം പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ റെക്കോർഡാണ് ഇന്ന് മറികടന്നത്. 2014 മേയ് 26-നാണ് അദ്ദേഹം ആദ്യമായി രാജ്യത്തിന്റെ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തത്. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള പ്രമുഖർ അദ്ദേഹത്തെ അഭിനന്ദിച്ചു. വിവിധ ലോകനേതാക്കളും ആശംസകൾ അറിയിച്ചു.

RNU TVPM

*******************************************************************

## ഭാരതിരാജ അന്തരിച്ചു

പ്രശസ്ത തമിഴ് സിനിമ സംവിധായകനും നടനുമായ ഭാരതിരാജ അന്തരിച്ചു. 84 വയസ്സായിരുന്നു. വാർധകസഹജമായ അസുഖങ്ങളെ തുടർന്ന് ചികിത്സയിൽ ഇരിക്കെ ചെന്നൈയിലായിരുന്നു അന്ത്യം. സംസ്ഥാന, ദേശീയ അവാർഡുകൾ നേടിയിട്ടുള്ള ഭാരതിരാജയെ രാജ്യം പത്മശ്രീ നൽകി ആദരിച്ചിട്ടുണ്ട്. തമിഴ്നാട് മുഖ്യമന്ത്രി സി. ജോസഫ്

വിജയ് ചെന്നൈയിലെ വസതിയിലെത്തി അദ്ദേഹത്തിന് അന്ത്യാഞ്ജലി അർപ്പിച്ചു.

********************************************************

## മന്ത്രിസഭാ തീരുമാനം (ഇൻട്രോ)

സംസ്ഥാനത്ത് കെ എസ് ആർ ടി സി - ഓർഡിനറി ബസുകളിൽ സ്ത്രീകൾക്കുള്ള സൗജന്യ യാത്ര ഈ മാസം 15 മുതൽ ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ്)

********************************************************

## ആർക്കൈവ്സ് വാരാഘോഷം

RNU TVPM

അന്താരാഷ്ട്ര ആർക്കൈവ്സ് വാരാഘോഷത്തിന് തിരുവനന്തപുരത്ത് തുടക്കമായി. സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ഒ.ജെ.ജനീഷ് സെൻറ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിച്ചു. **നീതിക്കായുള്ള പുരാരേഖകൾ: അവകാശങ്ങൾ, ഓർമ, ഭാവി** എന്നതാണ് ഈ വർഷത്തെ പ്രമേയം. സാമൂഹിക വികാസത്തിന്റെ ഭാഗമായി എഴുത്തുകളുടെയും രേഖകളുടെയും ശേഖരണവും സംരക്ഷണവും ഉറപ്പാക്കുന്നതിനാണ് ദിനാചരണം.

********************************************************

## വിബി-ജി റാം ജി(ഇൻട്രോ)

വിബി-ജി റാം ജി, പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കുമായി കേന്ദ്ര സർക്കാർ തൊണ്ണൂറ്റി അയ്യായിരത്തി 692 കോടി രൂപയുടെ ഇടക്കാല ബജറ്റ് വിഹിതം പ്രഖ്യാപിച്ചു. അടുത്ത മാസം ഒന്ന് മുതൽ പുതിയ നിയമം നിലവിൽ വരും. **ഒരു റിപ്പോർട്ട് ............**

(വോയ്സ്)

## വിബി-ജി റാം ജി(വോയ്സ്)

സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഗ്രാമവികസന മന്ത്രിമാരുമായി നടത്തിയ വെർച്വൽ യോഗത്തിന് ശേഷം കേന്ദ്ര ഗ്രാമവികസന മന്ത്രി ശിവരാജ് സിംഗ് ചൗഹാനാണ് ബജറ്റ് വിഹിതത്തെ കുറിച്ച് പ്രഖ്യാപനം നടത്തിയത്. പുതിയ നിയമം നടപ്പാക്കുന്നതിന് മുന്നോടിയായി ആവശ്യമായ തയ്യാറെടുപ്പുകൾ നടത്താൻ സർക്കാർ സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും ആവശ്യപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഒരു സംസ്ഥാനത്തിന്റെയും വിഹിതം കുറച്ചിട്ടില്ലെന്നും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ബജറ്റ് 40 ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഗ്രാമീണ വികസനം ത്വരിതപ്പെടുത്തുകയും തൊഴിലാളികൾക്ക് തടസ്സമില്ലാതെ തൊഴിൽ നൽകുകയും ചെയ്യുക എന്നതാണ് വിബി-ജി റാം ജി യുടെ ലക്ഷ്യം. ന്യൂസ് ഡെസ്ക് ആകാശവാണി

RNUTVPM

*******************************************

## സിഎൻജി - -ഹർദീപ് സിംഗ് പുരി

രാജ്യത്ത് സിഎൻജി ക്ഷാമമില്ലെന്ന് കേന്ദ്ര മന്ത്രി ഹർദീപ് സിംഗ് പുരി. പൈപ്പ് വഴിയുള്ള പ്രകൃതിവാതക വിതരണം വ്യാപിപ്പിക്കുകയാണെന്നും എൽപിജിയിൽ നിന്ന് പിഎൻജി കണക്ഷനുകളിലേക്ക് മാറ്റാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. കൃത്രിമ ക്ഷാമം സംബന്ധിച്ച് തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനെതിരെ കർശന നടപടി സ്വീകരിച്ചതായും ശ്രീ ഹർദീപ് സിങ് പുരി അറിയിച്ചു.

*******************************************

## യുവശക്തി-12-ാം വാർഷികം

കഴിഞ്ഞ 12 വർഷമായി രാജ്യത്തിന്റെ യുവശക്തിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് കേന്ദ്ര സർക്കാർ. വികസിത ഇന്ത്യയെ കെട്ടിപ്പടുക്കുന്നതിലും രാജ്യത്തിന്റെ ഭാവി വിവിധ മേഖലകളിൽ രൂപപ്പെടുത്തുന്നതിലും കേന്ദ്രബിന്ദുവാണ് രാജ്യത്തെ യുവജനങ്ങൾ. തൊഴിലും സ്വാശ്രയത്വവും വർദ്ധിപ്പിക്കുന്നതിനായി 12 കോടിയിലധികം പുതിയ സംരംഭകർക്ക് പ്രധാനമന്ത്രി മുദ്ര യോജന വായ്പകൾ ലഭ്യമാക്കി.

***************************************************

## പ്ലസ് വൺ - അപേക്ഷ

പ്ലസ് വൺ അപേക്ഷയിലെ തെറ്റുകൾ തിരുത്താനും ഓപ്ഷനുകളിൽ മാറ്റം വരുത്താനുമുള്ള അവസരം ഇന്ന് വൈകിട്ട് അഞ്ച് മണി വരെ. ഈ മാസം 15-നാണ് മുഖ്യ ഘട്ടത്തിലെ ആദ്യ അലോട്ട്മെൻറ്. സ്പോർട്സ് ക്വോട്ട പ്രവേശനത്തിന് ഇന്ന് മുതൽ 18 വരെ ഏകജാലക പോർട്ടൽ വഴി അപേക്ഷിക്കാം.

PNU TVPM

***************************************************

## ഷിഗെല്ല - കേരളം

വയനാട് കോളിയാടി സ്കൂളിലെ ഒരു കുട്ടിയ്ക്ക് കൂടി ഷിഗെല്ല സ്ഥിരീകരിച്ചു. ഇതോടെ ജില്ലയിൽ രോഗം സ്ഥിരീകരിച്ച കുട്ടികളുടെ എണ്ണം മൂന്ന് ആയി. ആരോഗ്യ മന്ത്രി K മുരളീധരൻ സ്കൂൾ സന്ദർശിച്ചു. സ്കൂളിലെ കിണറിലെ വെള്ളത്തിന്റെ പരിശോധന ഫലം ഇന്ന് ലഭിക്കും. അതെസമയം, രോഗബാധ സ്ഥിരികരിച്ചതിനെ തുടർന്ന് ഹൈറിസ്ക് കോൺടാക്റ്റുള്ള 12 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് മുതൽ മൂന്ന് ദിവസത്തേക്ക് അവധി നൽകിയിട്ടുണ്ട്.

***************************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*******************************************************

## മഴ- സംസ്ഥാനം

കേരളത്തിൽ വടക്കൻ ജില്ലകളിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം മുതൽ കാസർഗോഡ് വരെ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരളം-ലക്ഷദ്വീപ്- കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

*******************************************************

## മൃതദേഹം കണ്ടെത്തി

പാലക്കാട് മലമ്പുഴ ഡാമിൽ കുളിക്കാനിറങ്ങി കാണാതായ വിദ്യാർത്ഥിയുടെ മൃതദേഹം കണ്ടെത്തി. മലപ്പുറം തിരൂർ പരിയാപുരം സ്വദേശി ഷെമിലാണ് മരിച്ചത്. പാലക്കാട് ഇരട്ടയാലിലെ സ്വകാര്യ കോളേജിലെ ഫാർമസി അവസാന വർഷ വിദ്യാർഥിയാണ്.

*******************************************************

## പ്ലാസ്റ്റിക് പെല്ലറ്റ് ഭീഷണി (ഇൻട്രോ)

തിരുവനന്തപുരം ജില്ലയിലെ കടൽ തീരങ്ങളിൽ പ്ലാസ്റ്റിക് പെല്ലറ്റുകൾ വീണ്ടും കരയ്ക്കടിയുന്നു. കഴിഞ്ഞ വർഷം അപകടത്തിൽപെട്ട എം എസ് സി എൽസ 3' കപ്പലിൽ നിന്ന് കടലിൽ ഒഴുകിപ്പരന്ന പ്ലാസ്റ്റിക് പെല്ലറ്റുകളാണ് കരയ്ക്കടിയുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....**

(വോയ്സ്)

*******************************************************

RNU TVPM

## സലിം കുമാർ അനുസ്മരണം

തിരുവനന്തപുരം കെപിസിസി ആസ്ഥാനത്ത് നടൻ സലിംകുമാർ അനുസ്മരണം നടന്നു. ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. ജീവിതത്തിലുടനീളം ഉജ്ജ്വലമായ കഥാപാത്രങ്ങളെ മലയാള സിനിമയ്ക്ക് സമ്മാനിച്ച വ്യക്തിയാണ് സലിംകുമാറെന്ന് അദ്ദേഹം അനുസ്മരിച്ചു.

**************************************************

## ലോകകപ്പ് (ഇൻട്രോ)

ലോകത്തിലെ ഏറ്റവും വലിയ കായിക മാമാങ്കത്തിന് നാളെ കൊടിയേറും. ജനകോടികൾ ആകാംഷയോടെ കാത്തിരിക്കുന്ന ഫിഫ ലോകകപ്പ് ഫുട്ബോളിന് പന്തുരുളാൻ ഇനി മണിക്കൂറുകൾ മാത്രം. ചരിത്രത്തിലാദ്യമായി 48 ടീമുകൾ പങ്കെടുക്കുന്ന ഇത്തവണത്തെ ടൂർണമെന്റിന് അമേരിക്ക, മെക്സിക്കോ, കാനഡ എന്നീ രാജ്യങ്ങളാണ് സംയുക്തമായി ആതിഥേയത്വം വഹിക്കുന്നത്.ഒരു റിപ്പോർട്ട്.......

വോയ്സ്)

RNU TVPM

## ലോകകപ്പ് (വോയ്സ്)

ലോകം ഒരു പന്തായി ചുരുങ്ങുമ്പോൾ ഫുട്ബോൾ ഈ ഭൂമിയോളം വലുതാകുന്നു. ആവേശം അലതല്ലുന്ന പുൽമൈതാനങ്ങളിൽ തീപടർത്തുന്ന കാലുകൾക്കായി ആർപ്പുവിളിക്കാൻ കടലുപോലെ ആർത്തിരമ്പുന്ന ഗ്യാലറികളിൽ തലമുറകൾ തയ്യാറെടുക്കുന്നു. പല കോടി മനംകവരാൻ, ഒരു നൂറു കളംപിടിക്കാൻ, ഒരോയൊരു കപ്പടിക്കാൻ കരളുറച്ച്, ചുവടുവച്ച് അവരെത്തുന്നു... മെസിയെന്ന മിശിഹയോ, ഒരേയൊരു സിആർ സെവനോ, പ്രിയപ്പെട്ട നെയ്മറോ... ആരാകും കിരീടം ചൂടുക. കിലിയൻ എംബാപ്പെയുടെയും ലാമിൻ യമാലിന്റെയും ഗോളുകൾക്കായി

ലോകമിതാ വലവിരിച്ചു കാത്തിരിക്കുന്നു. ഒരൊറ്റ ലക്ഷ്യത്തിലേക്ക്, ഒരേയൊരു പന്തിനു പിന്നാലെ ലോകം പായുന്നു. ഇന്ത്യൻ സമയം നാളെ രാത്രി 10.30-ന് ആരംഭിക്കുന്ന ഉദ്ഘാടന ചടങ്ങിന്റെ ഭാഗമായ കലാപടിപടികൾ മൂന്നു രാജ്യങ്ങളിലുമായി നടക്കും. മെക്സിക്കോയിലെ ചരിത്രപ്രസിദ്ധമായ എസ്റ്റാഡിയോ ആസ്ടെക്ക സ്റ്റേഡിയത്തിൽ രാത്രി 12:30-ന് ആരംഭിക്കുന്ന ആദ്യ പോരാട്ടത്തിൽ ആതിഥേയരായ മെക്സിക്കോ ദക്ഷിണാഫ്രിക്കയെ നേരിടും. ആകെ 12 ഗ്രൂപ്പുകൾ. 104കളികൾ. ജൂലൈ 19ന് ന്യൂയോർക്കിലെ മെറ്റ്ലൈഫ് സ്റ്റേഡിയത്തിലാണ് കലാശപ്പോരാട്ടം. രാജ്യാതിരുകൾ ഭേദിച്ച് മാനവികതയുടെ ജീവവായു നിറച്ച ഒരൊറ്റ പന്ത് ഏഷ്യയും യൂറോപ്പും കടന്ന് ആഫ്രിക്കയിലേക്കും ലാറ്റിനമേരിക്കയിലേക്കും പായുന്പോൾ നമുക്കിനി പോരാട്ടങ്ങളുടെ വസന്തകാലം... ന്യൂസ് ഡെസ്ക്, ആകാശവാണി.

RNU TVPM

*******************************************************

## ഫിഫ ലോകകപ്പ്

ഫിഫ ലോകകപ്പിനെ വരവേറ്റ് തലസ്ഥാനത്ത് സംഘടിപ്പിച്ച ഫുട്ബോൾ ആരാധകരുടെ സംഗമം ആവേശമായി. തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ഒരുക്കിയ പരിപാടിയുടെ ഉദ്ഘാടനം ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല നിർവഹിച്ചു.

*******************************************************

## കേരള ക്രിക്കറ്റ് ലീഗ്

കേരളത്തിലെ കായികപ്രേമികൾ ആവേശത്തോടെ കാത്തിരിക്കുന്ന കേരള ക്രിക്കറ്റ് ലീഗിന്റെ മൂന്നാം സീസൺ ഓഗസ്റ്റ് 20 മുതൽ സെപ്റ്റംബർ 5 വരെ തിരുവനന്തപുരത്ത് നടക്കും. ജൂലൈ ആദ്യവാരം നടക്കുന്ന താരലേലത്തിന്റെ വിവരങ്ങളും കെ സി എ പുറത്തുവിട്ടു.

*******************************************************

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം.സെൻസെക്സ് 362 പോയിന്റ് ഉയർന്നു 74,287 ലും നിഫ്റ്റി 97 പോയിന്റ് നേട്ടത്തിൽ 23,354 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. പവന് 3,160 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 9,160 രൂപയും ഗ്രാമിന് 13,645 രൂപയുമാണ് ഇന്നത്തെ വില.

*********************************************************************************************************************************************************************************************

RNU TVPM